# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4056 25.06.2018-ൽ മറുപടിക്ക്**

**<u>റോഡപകടങ്ങളുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തിനുള്ള കേസ്സുകൾ</u>**

**ചോദ്യം** **മറുപടി**

**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**ശ്രീ. എ. കെ. ബാലൻ**
**ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി**

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലം റോഡപകടങ്ങളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തിനുള്ള എത്ര കേസ്സുകൾ കോടതികളിൽ തീർപ്പാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

| ജില്ല | 2013 | 2014 | 2015 | 2016 | 2017 | ആകെ തീർപ്പാക്കിയ കേസുകളുടെ എണ്ണം |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 4564 | 11148 | 8254 | 8750 | 7847 | 40563 |
| കൊല്ലം | 2992 | 4761 | 3189 | 3522 | 3718 | 18182 |
| പത്തനംതിട്ട | 2603 | 4460 | 4193 | 3798 | 2743 | 17797 |
| കോട്ടയം | 3562 | 3796 | 4157 | 3412 | 2734 | 17661 |
| ആലപ്പുഴ | 4393 | 4910 | 6274 | 5677 | 4782 | 26036 |
| തൊടുപ്പുഴ | 1625 | 2246 | 1756 | 1229 | 1136 | 7992 |
| എറണാകുളം | 7858 | 9618 | 6951 | 8126 | 8049 | 40602 |
| തൃശ്ശൂർ | 4731 | 6489 | 6352 | 6402 | 6099 | 30076 |
| പാലക്കാട് | 2677 | 4900 | 4108 | 2889 | 3940 | 18514 |
| കോഴിക്കോട് | 3496 | 3569 | 3294 | 3695 | 2624 | 16678 |
| മഞ്ചേരി | 2123 | 2504 | 2075 | 2553 | 2743 | 11998 |
| കൽപ്പറ്റ | 610 | 717 | 566 | 610 | 435 | 2938 |
| തലശ്ശേരി | 1770 | 2409 | 2450 | 4763 | 1752 | 13144 |
| കാസറഗോഡ് | 1151 | 1321 | 941 | 1084 | 918 | 5415 |

| | | |
|---|---|---|
| (ബി) | ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്ന എം.എ.സി.ടി (മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ) എല്ലാ ജില്ലകളിലും ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | തൊടുപുഴ, കാസർഗോഡ് എന്നീ ജുഡീഷ്യൽ ജില്ലകൾ ഒഴികെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എം.എ.സി.ടി കൾ ഉണ്ട്. തൊടുപുഴയിൽ ഒന്നാം അഡീഷണൽ ജില്ലാ കോടതിയേയും കാസർഗോഡ് പ്രിൻസിപ്പൽ ജില്ലാ കോടതിയേയും എം.എ.സി.ടി കളായി നിയോഗിച്ചിട്ടുണ്ട് |
| (സി) | എം.എ.സി.ടി ഇല്ലാത്ത ജില്ലകളിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തെ മിക്കവാറും എല്ലാ അഡീഷണൽ ജില്ലാ കോടതികളും, എം.എ.സി.ടി യുടെ അധിക ചുമതലകൾ കൂടി വഹിച്ചുവരുന്നു. |
| **(ഡി)** | ഏതെങ്കിലും ജില്ലകളിൽ ഒന്നിൽ കൂടുതൽ എം.എ.സി.ടി കൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഇല്ലാത്ത ജില്ലകളിൽ എന്ത് കൊണ്ടാണ് എം.എ.സി.ടി കൾ ഇത് വരെ സ്ഥാപിക്കാത്തതെന്നും വ്യക്തമാക്കാമോ? | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം എറണാകുളം, തൃശ്ശൂർ, പാലക്കാട്, മഞ്ചേരി, കോഴിക്കോട്, തലശ്ശേരി എന്നീ ജുഡീഷ്യൽ ജില്ലകളിൽ ഒന്നിൽ കൂടുതൽ എം.എ.സി.ടി കൾ പ്രവർത്തിച്ചു വരുന്നു. സ്വതന്ത്രമായ എം.എ.സി.ടി കൾ ഇല്ലാത്ത ജുഡീഷ്യൽ ജില്ലകളായ കാസർഗോഡിനേയും തൊടുപുഴയേയും എം.എ.സി.ടി കൾ സ്ഥാപിക്കാനുള്ള മുൻഗണനാ പട്ടികയിൽ ക്രമനമ്പർ 1 ഉം **2** ഉം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാപട്ടിക പ്രകാരം ട്രൈബ്യൂണലുകൾ/കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. |

Pradeep

P.PRADEEP KUMAR
Section Officer
Law Department
Govt. Secretariat